(സി) കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ അംഗീകാരമുള്ള സ്വകാര്യ ടൂറിസം പ്രോജക്ടുകൾക്ക് മുതൽ മുടക്കിന് 10% സബ്സിഡി, അംഗീകാരം ലഭിച്ച ആദ്യത്തെ 5 വർഷത്തേക്ക് ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി എന്നിവ സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ, കരകൗശല സ്റ്റാളുകൾ, റോപ്പ് വേ തുടങ്ങിയവയ്ക്ക് അവയുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ആനുകൂല്യവും നൽകുന്നുണ്ട്. അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്ക് ആവശ്യമായ പബ്ലിസിറ്റി നൽകുന്നതിനായി വകുപ്പിന്റെ എല്ലാ പ്രചരണ മാധ്യമങ്ങളിലും (ലഘുലേഖകൾ, വെബ്സൈറ്റ്, ഡയറക്ടറി മുതലായവ) അവയെ ഉൾക്കൊള്ളിക്കുന്നുണ്ട്. ടൂറിസം മേഖലയിൽ പണം മുടക്കുന്നതിന് തയ്യാറാകുന്ന സ്വകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ആവശ്യമായ ഗൈഡൻസ് നൽകുന്നതിന് ഒരു 'ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ് സെൽ' ടൂറിസം ഡയറക്ട്രേറ്റിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) മുതൽ മുടക്കുന്നവർക്ക് അവയുടെ പ്രോജക്ടുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരമുള്ളവയാണെങ്കിൽ 10 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുന്നുണ്ട്. ലക്ഷ്വറി ടാക്സ് ഇളവോ കിഴിവോ ടൂറിസം വകുപ്പ് അനുവദിക്കുന്നില്ല.

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്ക് നടപടി

*19 [199] ശ്രീ. റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിരപ്പ് ഉയർന്നതോടെ മുല്ലപ്പെരിയാർ അണക്കെട്ടിൽ ചോർച്ച വർദ്ധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള അധികാരം കേരളത്തിനു കൂടി ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) അണക്കെട്ടിൽ ചോർച്ചയുള്ളതായി മാദ്ധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചീഫ് എഞ്ചിനീയർ (ഐ.എസ്.ഡബ്ല്യൂ.)-ന്റെ നേതൃത്വത്തിൽ ജലസേചന വകുപ്പിലെ ബന്ധപ്പെട്ട എഞ്ചിനീയർമാർ 24-6-2004-ൽ ഡാമും പരിസരവും പരിശോധിക്കുകയുണ്ടായി. ചോർച്ച സംബന്ധിച്ച് വിശദമായ പരിശോധന വേണമെന്നാണ് റിപ്പോർട്ട്. ഡാമിന്റെ ചുമതലയുള്ള കട്ടപ്പന മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തേക്കടി മോണിറ്ററിംഗ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ഡാമും പരിസരവും സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ അനുസരിച്ച് ഡാമിന്റെ ഉടമസ്ഥതയും നടത്തിപ്പും മേൽനോട്ടവും തമിഴ്നാട് സർക്കാരിനാണ്. 2003-ൽ നിലവിൽ വന്ന കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ ഒരു ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശമുണ്ട്. പ്രസ്തുത അതോറിറ്റിക്ക് ഡാമുകളുടെ സുരക്ഷയ്ക്ക് നടപടികൾ നിർദ്ദേശിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും.

(ഡി ആന്റ് ഇ) തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തിയിട്ടില്ല. എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ ചുമതലയുള്ള തമിഴ്നാട് ഉദ്യോഗസ്ഥരുമായി കേരളത്തിന്റെ ചീഫ് എഞ്ചിനീയറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചർച്ച നടത്തിയിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ

*20 [200] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
„ ബിനോയ് വിശ്വം:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സമിതിയുടെ പരിഗണനയ്ക്ക് വരുന്ന വിഷയങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്; വിശദവിവരം അറിയിക്കാമോ;

(ഡി) കടലിൽ കാണാതാകുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. (അനുബന്ധമായി ചേർക്കുന്നു).†

(ഡി) ഉണ്ട്.

(ഇ) കടലിൽ കാണാതാകുന്നവർക്ക് അടിയന്തിരാശ്വാസമായി 25,000 രൂപ വീതം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

† അനുബന്ധം 3

LIBRARY ARCHIVES Kerala Legislative Assembly